**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2426** **17-03-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയുടെ വരുമാന സ്രോതസ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. റോജി എം. ജോൺ | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ വരുമാന സ്രോതസ്സ് എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികള്‍ക്കുള്ള ചെലവിനും ലോണുകളുടെ തിരിച്ചടവിനുമായി മോട്ടോർവാഹന നികുതിയുടെ ഒരു വിഹിതവും പെട്രോൾ/ഡീസൽ സെസ് മുഴുവനായും കിഫ്ബിക്ക് നല്കുന്നുണ്ട്. ഇതു കൂടാതെ കിഫ് ആക്റ്റിലെ വ്യവസ്ഥ പ്രകാരം പ്രത്യേക ഗ്രാന്റും നല്കുന്നുണ്ട്. റവന്യൂ ജനറേറ്റിംഗ് പദ്ധതികൾ പൂർത്തിയാകുന്ന മുറക്ക് അതിൽ നിന്നുള്ള തിരിച്ചടവും കിഫ്ബിക്ക് ലഭിക്കും. |
| (ബി) | സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പെട്രോൾ, ഡീസൽ ഉപഭോഗത്തിലും വാഹന നികുതിയിനത്തിലും ക്രമാതീതമായ ഇടിവ് സംഭവിക്കുമോ; വ്യക്തമാക്കാമോ; | (ബി) | അടിസ്ഥാന സൗകര്യ പദ്ധതികളുടെ വരവോടെയോ കാർബൺ ഫൂട്ട്പ്രിന്റ്ാ കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രൂപപ്പെടാൻ സാധ്യതയുള്ള ദേശീയ അന്തർദേശീയ നയങ്ങളുടെയോ അടിസ്ഥാനത്തിലോ മറ്റു കാരണങ്ങളാലോ വാഹനനികുതിയുടെ വരുമാനത്തിലോ പെട്രോളിയം ഉല്പന്നങ്ങളുടെ സെസ്സിലോ എന്തെങ്കിലും കുറവ് സംഭവിച്ചാൽ അത്തരത്തിലുണ്ടാകുന്ന വരുമാന വിടവ് സർക്കാർ നികത്താൻ കിഫ് ആക്ട് വിവക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ 2021-22 സാമ്പത്തിക വർഷം കോവിഡ് മൂലമുണ്ടായ വരുമാന കുറവ് സർക്കാർ പരിഹരിക്കുകയും, മോട്ടോർവാഹന നികുതിയുടെ വിഹിതത്തിനും പെട്രോൾ/ഡീസൽ സെസിനും പുറമേ കിഫ്ബിക്ക് 322 കോടി രൂപ പ്രത്യേക ഗ്രാന്റായി നല്കുകയും ചെയ്തു. ഇത്തരത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ലക്ഷ്യമിട്ട പോലെ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും, കിഫ്ബിയുടെ വരുമാനം പ്രതീക്ഷിത നിലവാരത്തിൽ തന്നെ നില നിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |
| (സി) | പെട്രോൾ, ഡീസൽ ഉപഭോഗത്തിലും വാഹന | (സി) | അടിസ്ഥാന സൗകര്യ പദ്ധതികളുടെ |

| | | | |
|---|---|---|---|
| | നികുതിയിനത്തിലും ഇടിവ് സംഭവിച്ചാൽ അത് കിഫ്ബിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോ എന്ന് അറിയിക്കാമോ; | | വരവോടെയോ കാർബൺ ഫൂട്ട്പ്രിന്റ്ാ കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രൂപപ്പെടാൻ സാധ്യതയുള്ള ദേശീയ അന്തർദേശീയ നയങ്ങളുടെയോ അടിസ്ഥാനത്തിലോ മറ്റു കാരണങ്ങളാലോ വാഹനനികുതിയുടെ വരുമാനത്തിലോ പെട്രോളിയം ഉല്പന്നങ്ങളുടെ സെസ്സിലോ എന്തെങ്കിലും കുറവ് സംഭവിച്ചാൽ അത്തരത്തിലുണ്ടാകുന്ന വരുമാന വിടവ് സർക്കാർ നികത്താൻ കിഫ് ആക്ട് വിവക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ 2021-22 സാമ്പത്തിക വർഷം കോവിഡ് മൂലമുണ്ടായ വരുമാന കുറവ് സർക്കാർ പരിഹരിക്കുകയും, മോട്ടോർവാഹന നികുതിയുടെ വിഹിതത്തിനും പെട്രോൾ/ഡീസൽ സെസിനും പുറമേ കിഫ്ബിക്ക് 322 കോടി രൂപ പ്രത്യേക ഗ്രാന്റായി നല്കുകയും ചെയ്തു. ഇത്തരത്തിൽ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ ലക്ഷ്യമിട്ട പോലെ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും, കിഫ്ബിയുടെ വരുമാനം പ്രതീക്ഷിത നിലവാരത്തിൽ തന്നെ നില നിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |
| (ഡി) | സംസ്ഥാനം പെട്രോൾ, ഡീസൽ വാഹനങ്ങളിൽ നിന്നും ഇലക്ട്രിക്ക് വാഹനങ്ങളിലേയ്ക്ക് മാറുമ്പോൾ അത് കിഫ്ബിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | അടിസ്ഥാന സൌകര്യ പദ്ധതികളുടെ വരവോടെയോ കാർബൺ ഫൂട്ട്പ്രിന്റ്ാ കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രൂപപ്പെടാൻ സാധ്യതയുള്ള ദേശീയ അന്തർദേശീയ നയങ്ങളുടെയോ അടിസ്ഥാനത്തിലോ മറ്റു കാരണങ്ങളാലോ വാഹനനികുതിയുടെ വരുമാനത്തിലോ പെട്രോളിയം ഉല്പന്നങ്ങളുടെ സെസ്സിലോ എന്തെങ്കിലും കുറവ് സംഭവിച്ചാൽ അത്തരത്തിലുണ്ടാകുന്ന വരുമാന വിടവ് സർക്കാർ നികത്താൻ കിഫ് ആക്ട് വിവക്ഷിക്കുന്നുണ്ട്. ഇത്തരത്തിൽ 2021-22 സാമ്പത്തിക വർഷം കോവിഡ് മൂലമുണ്ടായ വരുമാന കുറവ് സർക്കാർ പരിഹരിക്കുകയും, മോട്ടോർവാഹന നികുതിയുടെ വിഹിതത്തിനും പെട്രോൾ/ഡീസൽ സെസിനും പുറമേ കിഫ്ബിക്ക് 322 കോടി രൂപ പ്രത്യേക ഗ്രാന്റായി നല്കുകയും ചെയ്തു. ഇത്തരത്തിൽ അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ ലക്ഷ്യമിട്ട പോലെ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും, കിഫ്ബിയുടെ വരുമാനം പ്രതീക്ഷിത നിലവാരത്തിൽ തന്നെ നില നിർത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |

സെക്ഷൻ ഓഫീസർ